GWLPSകായൽപ്പുറം

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണം മേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025 26 അദ്ധ്യായന വർഷത്തിൽ ഒന്നു മുതൽ നാലു വരെയുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും ഒപ്പം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. പിന്നോക്കം നിൽക്കുന്നവരും സാമ്പത്തിക ഭദ്രത ഇല്ലാത്ത രക്ഷിതാക്കളുടെയും കുട്ടികൾക്ക് കളികളിലൂടെയും ആസ്വാദകരമായ പ്രവർത്തനങ്ങളിലൂടെയും ഉള്ള സമഗ്ര പഠനം ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. അതുവഴി പഠനത്തിലും സമൂഹത്തിനും അവരെ മുൻപന്തിയിലേക്ക് എത്തിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

# ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

1.പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും) .

2.ക്ലാസ് പി. ടി. എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ) .

3.എസ്. ആർ .ജി യോഗത്തിലെ ക്ലാസ് അനുഭവ റിപ്പോർട്ട് അവതരണം.

4.കുട്ടികളുടെ പ്രകടനങ്ങളും പഠന തെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും .

5.ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർ പ്രവർത്തനസൂത്രണവും.

6.സചിത്ര നോട്ടുബുക്ക് സചിത്ര ആസൂത്രണക്കുറുപ്പ് എന്നിവ തയ്യാറാക്കൽ.

7.സചിത്ര ഡയറി സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

8.ബോക്സോ സംബന്ധമായ ബോധന ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും.

9. കുട്ടിക്ക് സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനും അധ്യാപക രക്ഷകർത്യ വിലയിരുത്തൽ രീതികൾ ബോധ്യപ്പെട്ട കൂടുതൽ പിന്തുണ ഉറപ്പാക്കുക.

10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ )പഠന പ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കുക.

11. വായനോത്സവം രചനോത്സവം

# ക്ലാസ് 1,2

# ആമുഖം

GWLPSകായൽപുറം സ്കൂളിലെ ഒന്ന് രണ്ട് ക്ലാസിലെ എല്ലാ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കുന്നതിനായി ആസൂത്രിതമായി തയ്യാറാക്കിയ പരിപാടികൾ ആവശ്യമാണ്.പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഒന്ന് രണ്ട് ക്ലാസുകളിലെ അക്കാദമി മാസ്റ്റർ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിന് വേണ്ടിയാണ്

**വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം**

1. ഭാഷാശേഷി വികസനത്തിലൂടെയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്ന അതിലൂടെ ഒന്ന് രണ്ട് ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു ബാലസാഹിത്യ പ്രതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു
2. രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എടുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആകുകയും ചെയ്യും.
3. സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വാതന്ത്ര രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
4. കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അറിവ് നിർമ്മാണ പ്രക്രിയകളിലൂടെ പഠന നേട്ടങ്ങൾ കൈവരിക്കുന്നു.
5. സംഖ്യാ ബന്ധങ്ങൾ സംഖ്യ വ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു, രീതി വിശദമാക്കുന്നു.
6. സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ മെച്ചപ്പെടുത്തും
7. സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും.
8. പ്രത്യേക പരിഗണന അറിയിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഉൾ ചേർക്കൽ പഠന പ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ
9. ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് ആർട്ടിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് |
| 2 | സംയുക്ത ഡയറി | ജൂൺ to മാർച്ച് |
| 3 | പാട്ടരങ്ങ് | ജൂൺ to മാർച്ച് |
| 4 | റീഡേഴ്സ് തിയേറ്റർ | ജൂൺ to മാർച്ച് |
| 5 | രചനോത്സവം | ജൂലൈ to ഫെബ്രുവരി |
| 6 | ഭാഷോത്സവം | ജനുവരി |
| 7 | ഗണിത കിറ്റ് , ഗണിത മൂല | ജൂൺ |
| 8 | കുഞ്ഞെഴുത്തു | ജൂൺ to മാർച്ച് |
| 9 | പ്രവർത്തന പുസ്തകം | ജൂൺ to മാർച്ച് |
| 10 | Hello English adaptation | ജൂൺ to മാർച്ച് |
| 11 | ക്ലാസ് തല ബാലസഭ | Every friday |
| 12 | മലയാള മധുരം | ജൂൺ to മാർച്ച് |

## <u>മലയാള മധുരം</u>

ഒന്ന് രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായന തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞു കഥകൾ ആസ്വദിച്ചു വായിക്കാനും ,തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വാതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയ ഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷ വികസനത്തിന് സാധ്യത ഒരുക്കുന്നു

**പ്രവർത്തന ലക്ഷ്യങ്ങൾ**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു
- സർഗ്ഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു
- ആശയം ഗ്രഹിച്ച മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥ, പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്. ആർ. ജിയിൽ അവലോകനം ചെയ്യുന്നു.
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- ഇജഠഅ അവലോകനവും, തുടർ പ്രവർത്തനങ്ങളുടെ വിശദീകരണവും.
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു.
- വായന കലോത്സവം,  വായന ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രജനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു.
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച് പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

**വിലയിരുത്തൽ**

- മലയാളം മധുര പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്..
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കലോത്സവം വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കുവെച്ചിട്ടുണ്ട്.

**ചുമതല ക്ലാസ്**

- ടീച്ചർ
- പിടിഎ
- എച്ച് എം

**സാമ്പത്തികം**

- PTA,
- SSK

## സംയുക്ത ഡയറി

രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ അനുഭവങ്ങളുടെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാ പഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നത് സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കൾ ആക്കുന്നതിന് സംയുക്ത ഡയറി യിലൂടെ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ**

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- എസ്. ആർ. ജിയിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു
- ക്ലാസ് പി .ടി .എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ടീച്ചർ ഡയറി പരിശോധിച്ചു വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദം മേക്കാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- ഡയറി പുസ്തകരൂപത്തിലേക്ക് മാറ്റുന്നു.
- വ്യക്തിഗതമായി 'എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്ക് മാറ്റുന്നു.

**വിലയിരുത്തൽ**

- ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
- സർഗ്ഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രജനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വാതന്ത്ര്യ രചനകൾ പൊതു സമൂഹമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- കുട്ടികളുടെ സർഗാത്മക ഡയറികൾ പുസ്തകരൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

**ചുമതല**

- ക്ലാസ് ടീച്ചർ
- രക്ഷിതാക്കൾ
- പ്രധാനാധ്യാപകൻ

**സാമ്പത്തികം**

- SSK

## പട്ടരങ്ങ്

**ലക്ഷ്യങ്ങൾ**

- താളം മനസ്സിലാക്കി പാഠഭാഗത്തുള്ളതും മറ്റു സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഇന്ന് നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവും ആകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ട് അരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ എസ് ആർ ജി യിൽ അവതരിപ്പിക്കുന്നു.
- ക്ലാസ് പിടിഎയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സണൽമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ പാട്ടരങ്ങൽ പാഠഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ചേർത്ത് അവതരിപ്പിക്കൽ.
- തുടർ പാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ, വീഡിയോ ഡോക്കുമെന്റ് തയ്യാറാക്കൽ, പാട്ടിരന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായന കാർഡുകൾ ആക്കൽ.
- ഭാഷോത്സവത്തിന് ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ**

- ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ പാട്ടറിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പിടിഎയുടെയും പ്രാദേശിക റിസോഴ്സ് പേഴ്സണൽമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്കുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതുസമൂഹമായും പങ്കുവച്ചിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ , രക്ഷിതാക്കൾ , പ്രധാനാധ്യാപകൻ

# റീഡേഴ്സ് തിയേറ്റർ

**ലക്ഷ്യ പ്രസ്താവനകൾ**

- ഒന്ന് ,രണ്ട് ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ഒന്ന് ,രണ്ട് ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡിങ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രവ്യ വായന, ഭവാത്മകവായന തുടങ്ങിയ സംഗീതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- റീഡേഴ്സ് തിയേറ്റർ, എസ്. ആർ .ജി എൽ ആശയം പങ്കിടൽ
- ക്ലാസ് പി .ടി. എ എൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പുവരുത്തലും.
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല.
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തെരഞ്ഞെടുത്ത, ലഘു ബാലസാഹിത്യം കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക.
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം.

**വിലയിരുത്തൽ**

- റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്, ആർ .ജി , ക്ലാസ് പി .ടി. എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.
- കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപകർക്ക് പ്രായോഗിക ധാരണ ഉണ്ട്.
- കുട്ടികൾക്ക് റീഡേഴ്സ് തിയറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം വേദികൾ എന്നിവ ഒരുക്കുന്നു
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പ് വരുത്തുന്നു.

**ചുമതല** : ക്ലാസ് ടീച്ചർ , സി .പി. ടി .എ

# വാർഷിക ആസൂത്രണം

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | · അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം<br>· പ്രവേശനോത്സവ ദിനം<br>· ക്ലാസ് പിടിഎ തീയതികൾ<br>· നിർവഹണ ഉദ്ഘാടനം<br>· പഠനോപകരണം നിർമ്മാണ ശില്പശാല<br>· ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പ് നിർമ്മാണം<br>· ഡോക്യുമെന്റേഷൻ |
| ജൂലൈ | · സംയുക്ത ഡയറി ആരംഭിക്കൽ<br>· പഠനോപകരണം നിർമ്മാണ ശില്പശാല<br>· ക്ലാസ് പി, ടി, എ യോഗം വിലയിരുത്തൽ<br>· ആഗസ്റ്റ്<br>· പഠനോപകരണ നിർമ്മാണ ശില്പശാല<br>· രചനോത്സവം<br>· പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക് ക്ലാസ് പിടിഎയിൽ കുട്ടികളുടെ തത്സമയ പ്രകടനങ്ങൾ<br>· വായനോത്സവം |
| സെപ്റ്റംബർ | · കഥകൾ, സംഭാഷണങ്ങൾ അവതരണം<br>· ഡയറി എഴുത്ത്<br>· പ്രായോഗിക പ്രശ്നങ്ങൾ<br>· പട്ടിക വിശകലനം<br>· ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങളാക്കൽ<br>· Mask making, role play |

| | |
|---|---|
| ഒക്ടോബർ | · കഥകൾ,സംഭാഷണങ്ങൾ, ചിഹ്നങ്ങൾ ചേർക്കൽ<br>· കുട്ടിക്കവിതകൾ<br>· നൂറിന്റെ കൂട്ടങ്ങളാക്കൽ<br>· സംഖ്യകൾ താരതമ്യം |
| നവംബർ | · മുഖംമൂടി നിർമ്മാണം, സംഭാഷണം രൂപപ്പെടുത്തൽ, ദൃശ്യാവിഷ്കാരം<br>· Conversation<br>· Role play<br>· പ്രായോഗിക പ്രശ്നങ്ങൾ<br>· താരതമ്യം ചെയ്യൽ<br>· പട്ടികപ്പെടുത്തൽ |
| ഡിസംബർ | · വെള്ളം കൊണ്ടുള്ള പരീക്ഷണങ്ങൾ<br>· ജലസംരക്ഷണം പോസ്റ്റർ നിർമ്മാണം<br>· ഊഹിക്കൽ<br>· അളക്കൽ , പ്രായോഗിക പ്രശ്നങ്ങൾ |
| ജനുവരി | · ശുചിത്വ ശീലങ്ങൾ പോസ്റ്റർ ആഹാര ശീലങ്ങൾ<br>· Craft making |
| ഫെബ്രുവരി | · ആഹാര ശീലങ്ങൾ കടംകഥകൾ കുട്ടിപ്പാട്ടുകൾ<br>· Drawing by instruction |
| മാർച്ച് | · പഠന നേട്ടങ്ങൾ ,<br>· ക്ലാസ് തല വിലയിരുത്തൽ ,<br>· അമ്മയുമൊത്ത് കുട്ടിയും |

# ക്ലാസ് 3

# ഗണിതം

| പദ്ധതി | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ/ പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | നിർവഹണ ചുമതല | ഫലപ്രാപ്തി വിശകലന തന്ത്രം | സാമ്പത്തികം | റിമാക്സ് |
|---|---|---|---|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക | സംഖ്യകൾ എണ്ണാനും എഴുതാനും ബുദ്ധിമുട്ടുള്ളവർ | 1. സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു രണ്ടക്കം കിട്ടിയ സംഖ്യ വായിച്ച് മറ്റുള്ളവർ സംഖ്യ എഴുതുന്നു.തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതുന്നു.<br><br>2. ഒന്ന് പത്ത് നൂറ് എന്നീ പേപ്പർ കപ്പുകളിൽ തീപ്പെട്ടിക്കൊള്ളികൾ 100 കൂട്ടങ്ങളാക്കി വയ്ക്കുന്നു പുതിയ സംഖ്യകൾ രൂപം കൊള്ളുന്നു അവ എഴുതുന്നു | ജൂൺ<br><br>ജൂൺ ജൂലൈ | ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകൻ | 1.ഒരു മൂന്നക്ക സംഖ്യ എഴുതുന്നു ഇവയെ കളി നോട്ട് ഉപയോഗിച്ച് 1, 10, 100 എന്നിവയുടെ കൂട്ടങ്ങൾ ആക്കി മാറ്റുന്നു | PTA ഫണ്ട് | |
| | കുട്ടികൾക്കും മികച്ച പ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക ചതുഷ്ക്രിയകൾ ഉറപ്പിക്കുക | ചതുഷ്ക്രിയകൾ കുറയ്ക്കാത്ത കുട്ടികൾ | 1. സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കുന്നു.അവ തമ്മിലുള്ള സങ്കലനം വ്യവകലനം എന്നിവ കണ്ടെത്തുന്നു.<br>2. വിവിധ സംഖ്യകൾ അടങ്ങിയ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം. വിവിധ ക്രിയകൾ അടങ്ങിയ ചാർട്ടിൽ നിന്ന് സംഖ്യകളിൽ ക്രിയ ചെയ്ത് ഉത്തരം കണ്ടെത്തി | ആഗസ്റ്റ് - ഒക്ടോബർ<br><br>ഒക്ടോബർ - ഡിസംബർ | ഗണിത അധ്യാപകൻ | 1.വർക്ക് ഷീറ്റുകൾ നൽകി ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.<br>2.ഒരു നിശ്ചിത സംഖ്യ കൂടിയോ കുറഞ്ഞു തുടർച്ചയായി പോകുന്ന സംഖ്യ പാറ്റേണുകൾ പൂർത്തിയാക്കുന്നു. | PTA ഫണ്ട് | |

# പരിസരപഠനം

| പദ്ധതി | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ/ പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | നിർവഹണ ചുമതല | ഫലപ്രാപ്തി വിശകലന തന്ത്രം | സാമ്പത്തികം | റിമാക്സ് |
|---|---|---|---|---|---|---|---|---|
| | പരിസ്ഥിതി സൗഹൃദം ,മനോഭാവം വളർത്തിയെടുക്കുക | പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ പിന്നോക്കം നിൽക്കുന്നവർ. | 1. ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം പ്രത്യേകത മനസ്സിലാക്കൽ. വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.<br>2. സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണം, പരിപാലനം.<br>3. പരിസ്ഥിതി സംരക്ഷണ പോസ്റ്റർ. പ്ലക്കാർഡ്, മുദ്രാവാക്യം നിർമ്മാണം. | ജൂൺ ജൂലൈ<br>ജൂലൈ- ഒക്ടോബർ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | 1. ആവാസ വ്യവസ്ഥ പട്ടികപ്പെടുത്തൽ<br>2. ജീവികളുടെ പരസ്പരത്യം നിരീക്ഷണ ക്കുറിപ്പ്. | | |
| | കുട്ടികളെ വ്യക്തി ശുചിത്വവും പരിസരസുമുള്ള വരാക്കി മാറ്റുക | വ്യക്തി ശുചിത്വം ,പരിസര ശുചിതŋം എന്നിവയിൽ പിന്നോട്ട് നിൽക്കുന്നവർ | 1 ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു. പരിസരങ്ങളിൽ പതിക്കുന്നു.<br>2. വ്യക്തി ശുചിത്വത്തിനായി സോപ്പ്, ഹാൻഡ് വാഷ് എന്നിവ ക്രമീകരിക്കുന്നു കൃത്യമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു നൽകി പാലിക്കുന്നു.<br>3. ക്ലാസ് തരത്തിൽ ശുചിത്വ മത്സരം. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | | | |

# മലയാളം

| പദ്ധതി | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ/ പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | നിർവഹണ ചുമതല | ഫലപ്രാപ്തി വിശകലന തന്ത്രം | സാമ്പത്തികം | റിമാക്സ് |
|---|---|---|---|---|---|---|---|---|
| | ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ കുറയ്ക്കാത്തവർ | .1.പ്രീ ടെസ്റ്റ് നടത്തുന്നു വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു<br>2.വായന കാർഡുകൾ ഉപയോഗിച്ച് ലഘു വാക്കുകൾ തിരിച്ചറിഞ്ഞ് എഴുതുന്നു .<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ വർക്ക് സീറ്റുകൾ വായന കാർഡുകൾ എന്നിവ ഉപയോഗിച്ച് ചിഹ്നങ്ങൾ ചേർത്ത് എഴുതുന്നു ഒരേ ഉച്ചാരണ രീതിയുള്ള വാക്കുകൾ വായിക്കുന്നു | ജൂൺ സെപ്റ്റംബർ | ക്ലാസ് ടീച്ചർ | 1.വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നു<br>2.ലഘു വാക്യങ്ങളുടെ വായനാ കാർഡ് വായിച്ച് അവതരിപ്പിക്കുന്നു. | | |
| | ലഘു വാക്യങ്ങൾ അടങ്ങിയ കഥകൾ ,കവിതകൾ എന്നിവ വായിക്കുന്നു. | വായനയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ | 1. ചിത്ര വായനയിലൂടെ ആശയം മനസ്സിലാക്കിയതിന് ശേഷം അവയെ ലഘു വാക്യങ്ങളിൽ പറയുന്നു.<br>2. ലഘു വായന കാർഡുകൾ വായിച്ച് ആശയം അവതരിപ്പിക്കുന്നു.<br>3. ലഘു കഥ കാർഡ് നൽകി വായിച്ച് അവതരിപ്പിക്കുന്നു കഥാപാത്രങ്ങളെക്കുറിച്ചും കഥയെ കുറിച്ചും അഭിപ്രായം പറയുന്നു. | ഒക്ടോബർ നവംബർ | ക്ലാസ് ടീച്ചർ | 1.ലഘു കഥകൾ വായിച്ച് ആശയം ക്ലാസിൽ അവതരിപ്പിക്കുന്നു<br>2.ചങ്ങല വായന , തൊട്ടു വായന എന്നിവ | PTA ഫണ്ട് | |

# English

| Program | Objective | Target group | Activities | Duration | executive | Effectiveness analysis activity | Financial source | Remarks |
|---|---|---|---|---|---|---|---|---|
| | Ensuring alphabets in all children | Children who are backward in basic literacy | 1. Pre test<br>2. Teaching capital letters and more let it using flash card, symbol rhyme etc<br>3. Creating simple words and filling missing words in the worksheet | June<br>August | English teacher | 1. Simple reading cards are given for loud reading<br>2.Picture dictionary making | PTA fund | |
| | To understand and perform simple English commands | For children with speaking and understanding difficulties | 1. Action songs perform the action and commands in the action song<br>2. Listen and respond teacher tells a story in simple English with action and ask simple question for comprehension | August<br>November | English teacher | Encouraging English speaking during the English period use words take may I come | PTA fund | |
| | Read and understand simple words from stories and poems | Children with reading difficulties | 1. Symbol sentences and phrases are given for daily reading | December<br>February | | Symbol reading card and stories are given for loud reading | SSK fund | |

# ക്ലാസ് 4

## മലയാളം

| പദ്ധതി | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ/ പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | നിർവഹണ ചുമതല | ഫലപ്രാപ്തി വിശകലന തന്ത്രം | സാമ്പത്തികം | റിമാക്സ് |
|---|---|---|---|---|---|---|---|---|
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | അടിസ്ഥാന ഭാഷാശേഷിയില്ലാത്തവർ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4. ചിത്രങ്ങൾ അടങ്ങിയ വർക്ക് ഷീറ്റ് നൽകി വാക്കുകൾ നിർമിക്കുക<br>5. വാക്കുകൾ നൽകി വിട്ടുപോയ ഭാഗം പൂർത്തിയാക്കുക.<br>6. ലഘു വാക്യങ്ങൾ ഒറ്റയ്ക്ക് ഗ്രൂപ്പായും വായിക്കുന്നു.<br>7. ചിത്രങ്ങൾ നൽകി ആശയങ്ങൾ ലഘുവാക്യങ്ങളിൽ അവതരിപ്പിക്കുന്നു, എഴുതുന്നു. | ജൂൺ രണ്ടാം വാരം<br><br>ജൂൺ ജൂലൈ<br><br>ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | * ക്രോസ്വേർഡ് പസിൽ പൂർത്തിയാക്കുക<br><br>*ഒരു കൂട്ടം അക്ഷരങ്ങൾക്കിടയിൽ നിന്ന് വാക്കുകൾ കണ്ടെത്തുക.<br><br>*വായന കാർഡ് നൽകുന്നു , കുട്ടി ഉച്ചത്തിൽ വായിക്കുന്നു.<br><br>*ചിത്രത്തിന് അനുയോജ്യമായ ലഘു വാക്യങ്ങളിൽ ആശയം എഴുതുന്നു | PTA ഫണ്ട് | |
| | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | വായനയിൽ പിന്നോക്കം നിൽക്കുന്നവർ. | 1.കുട്ടിക്ക് വായന കാർഡ് നൽകുന്നു ഉച്ചത്തിൽ വായിച്ചവതരിപ്പിക്കുന്നു ആശയം പറയുന്നു.<br>2.പത്രവായന ഒരു കുട്ടിയും ഓരോ ദിവസത്തെ പ്രധാന വാർത്തകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>3.ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തി വ്യക്തിഗതമായി വായിക്കുന്നു. | ആഗസ്റ്റ് ഒക്ടോബർ വരെ .<br><br>വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | 1. അസംബ്ലിയിൽ വാർത്ത വായിക്കുന്നു.<br>2. വായിച്ച പുസ്തകങ്ങളുടെ ആശയം ലഘു വാക്യങ്ങളിൽ എഴുതി അവതരിപ്പിക്കുന്നു. | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | 4.സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ ഓരോ ദിവസവും അധ്യാപിക വരികൾ തൊട്ട് വായിക്കാൻ ഉപയോഗപ്പെടുത്തുന്നു.<br>5.വായിച്ച പുസ്തകങ്ങളുടെ ആശയം ലഘു വാക്യങ്ങളിൽ എഴുതുന്നു മികച്ചത് അസംബ്ലിയിൽ അവതരിപ്പിക്കുന്നു .<br>6. പാഠഭാഗങ്ങളുടെ ചങ്ങല വായന | ഡിസംബർ വരെ | ക്ലാസ് ടീച്ചർ | | | |
| | കഥ ,കവിത എന്നിവയുടെ ആശയം ലഘു വാക്യങ്ങളിൽ എഴുതുക | എഴുത്തിൽ പിന്നോക്കം നിൽക്കുന്നവർ | 1, ചിത്രങ്ങൾ നൽകി ലഘു വാക്യങ്ങളിൽ അടിക്കുറിപ്പ് നൽകുന്നു.<br>2. പാഠഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരം എഴുതുന്നു.<br>3.ICT ഉപയോഗിച്ച് കഥ കണ്ടതിന് ശേഷം ലഘു വാക്യങ്ങളിൽ കഥ എഴുതി അവതരിപ്പിക്കുന്നു | സെപ്റ്റംബർ ഒക്ടോബർ<br>നവംബർ | ക്ലാസ് ടീച്ചർ | ചിത്ര കഥകൾക്ക് അടിക്കുറിപ്പ് നൽകുന്നു ലഘു വാക്യങ്ങളിൽ കഥ എഴുതുന്നു. | | |
| | ഈണം, താളം എന്നിവ പാലിച്ചുകൊണ്ട് കവിതകൾ ചൊല്ലുന്നു | ഈണം, താളം എന്നിവ ഉൾക്കൊണ്ട് കവിതകൾ ചൊല്ലാൻ കഴിയാത്തവർ | 1.കാവ്യോത്സവം : താള വൈവിധ്യമുള്ള പാട്ടുകൾ ,കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി തുള്ളി അവതരിപ്പിക്കുന്നു | ജൂൺ ആഗസ്റ്റ് | | | | |

# പരിസരപഠനം

| പദ്ധതി | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ/ പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | നിർവഹണ ചുമതല | ഫലപ്രാപ്തി വിശകലന തന്ത്രം | സാമ്പത്തികം | റിമാക്സ് |
|---|---|---|---|---|---|---|---|---|
| | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാത്ത കുട്ടികൾ | 1. പ്രകൃതി സംരക്ഷണ പോസ്റ്റർ ,പ്ലക്കാർഡ് എന്നിവ നിർമ്മിക്കുന്നു<br>2. സ്കൂൾ പൂന്തോട്ടം നിർമ്മാണം<br>3. പ്രകൃതി നടത്തം,:, ചുറ്റുപാടുള്ള ജീവജാലങ്ങൾ ആവാസവ്യവസ്ഥ എന്നിവ നിരീക്ഷിക്കാം<br>4. ദാഹജലം നൽകൽ : വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരണം | ജൂൺ ജൂലൈ<br><br>ജൂൺ ഒക്ടോബർ | ക്ലാസ് ടീച്ചർ | ദിനാചരണങ്ങൾ ആയി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു | പിടിഎ ഫണ്ട് | |
| | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | ശാസ്ത്ര താൽപര്യം കുറഞ്ഞ കുട്ടികൾ | 1. പരീക്ഷണങ്ങൾ : ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>2. പക്ഷി നിരീക്ഷണം : പക്ഷി നിരീക്ഷണത്തിന് അവസരം<br>3. ഫീൽഡ് ട്രിപ്പ് : പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ആഗസ്റ്റ് സെപ്റ്റംബർ<br><br>ഡിസംബർ മാർച്ച് | ക്ലാസ് ടീച്ചർ | പരീക്ഷണം നിരീക്ഷണം എന്നിവ സ്വയം ഏറ്റെടുത്ത് ചെയ്യുന്നു | പിടിഎ ഫണ്ട് | |

# ഗണിതം

| പദ്ധതി | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ/ പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | നിർവഹണ ചുമതല | ഫലപ്രാപ്തി വിശകലന തന്ത്രം | സാമ്പത്തികം | റിമാക്സ് |
|---|---|---|---|---|---|---|---|---|
| | സ്ഥാന വില മനസ്സിലാക്കി സംഖ്യകളെ എഴുതാനും വായിക്കാനും കഴിയുന്നു | സംഖ്യാബോധം കുറഞ്ഞ കുട്ടികൾ | സ്ഥാന വില വീട് :ഐസ്ക്രീം കമ്പികളിൽ സംഖ്യകൾ എഴുതി അവയെ 1 , 10. 100 1000 എന്നീ വീടുകളിൽ വെച്ച് സംഖ്യകളെ വായിക്കാനും എഴുതാനും പ്രാപ്തരാക്കുന്നു<br>10 ചങ്ങാതിമാർ : സംഖ്യ നറുക്ക് എടുത്ത് കിട്ടിയ സംഖ്യ വായിച്ചശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതുന്നു | ജൂൺ ജൂലൈ | ഗണിത അധ്യാപക | 1.വർക്ക് ഷീറ്റുകൾ നൽകി പൂർത്തിയാക്കുന്നു<br>2. സംഖ്യ നിർമ്മാണം : അധ്യാപക പറയുന്ന സംഖ്യകൾ സംഖ്യ കാർഡുകൾ ഉപയോഗിച്ച് നിർമ്മിക്കുന്നു | | |
| | ഒന്ന് മുതൽ ആയിരം വരെ സംഖ്യകൾ എണ്ണുന്നു എഴുതുന്നു | സംഖ്യാബന്ധം കണ്ടെത്തൽ ,സംഖ്യകളെ വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടുള്ളവർ | പാറ്റേൺ പൂർത്തിയാക്കാം :ലഘുസംഖ്യ പാറ്റേൺ പൂർത്തിയാക്കൽ<br>ക്രമത്തിൽ ആക്കാം : അവരോഹണക്രമം , ആരോഹണക്രമം എഴുതുന്നു | ജൂൺ സെപ്റ്റംബർ | ഗണിത അധ്യാപിക | | | |
| | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | സങ്കലനം , വ്യവകലനം , ഗുണനം ഹരണം എന്നിവയ്ക്ക് ബുദ്ധിമുട്ടുള്ളവർ | 1. സംഖ്യ ചക്രം : സംഖ്യ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു അവ തമ്മിലുള്ള സങ്കലനം, വ്യവകലനം , ഗുണനം, ഹരണം<br>2. ഭാഗ്യവാനെ കണ്ടെത്താം : അധ്യാപകൻ ഒരു സംഖ്യ എഴുതുന്നു വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കു | ജൂലൈ<br>ജൂലൈ ഫെബ്രുവരി | | 1 ഗണിത വർക്ക് ഷീറ്റുകൾ നൽകി പൂർത്തിയാക്കുന്നു<br>2. ഗണിത കസേരകളി : കസേര കളിയുടെ മാതൃകയിൽ കുട്ടികൾ ഇരിക്കുന്നു അധ്യാപിക വിസിൽ അടി | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ട്ടികൾക്ക് തിരഞ്ഞെടുക്കുവാൻ അവസരം നൽകുന്നു . ക്രിയ ചെയ്തു ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളത് എന്ന് കണ്ടെത്താം<br>3. ജോഡി കണ്ടെത്താം : വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രീയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം | ആഗസ്റ്റ്<br>ഫെബ്രുവരി | | ക്കുമ്പോൾ ബോർഡിൽ എഴുതിയ ക്രിയകൾ ചെയ്തു ഉത്തരം കണ്ടെത്തിയവർ കസേരകളിൽ ഇരിക്കുന്നു ഉത്തരം അറിയാത്തവർ പുറത്താക്കുന്നു | | |

# English

| Program | Objective | Target group | Activities | Duration | executive | Effectiveness analysis activity | Financial source | Remarks |
|---|---|---|---|---|---|---|---|---|
| | To learn and understand Basic English letters and sounds | Children with least knowledge in basic concepts of English | 1. pre test<br>2. Teaching capital letter and small letters using rhyme poem etc<br>3. Simple ways are taught using flash cards | June<br>To<br>August | English teacher | 1.Matching word s with images<br>2. Simple words with similar pronunciation are given for reading | PTA fund | |
| | Read and understand simple waits from stories and poems | Children with reading difficulties | 1. Flash cards are used for reading and understanding simple words<br>2. Picture dictionary making simple words and pictures are used to create a picture dictionary<br>3. Simple reading cards are used for daily reading and share the ideas in the classroom | August<br>to<br>September<br><br>August<br>to<br>October | English teacher | 1.Loud reading stories and poems<br>2. Drawing the images when a words is given | PTA fund | |